പ്രതിവാരം

സീതി

# കോഴവസന്തം

**കേരളത്തിലെ** മുസ്‌ലിം വിദ്യാഭ്യാസ ചരിത്രത്തിലെ ഏറ്റവും ഗംഭീരമായൊരു ഇതിഹാസത്തിന്റെ പേരാണ് ഫാറൂഖ് കോളേജ് സ്ഥാപകനായ മൗലവി അബുസ്സബാഹ്. കോളേജിന്റെ തുടക്ക കാലത്തൊരിക്കൽ സ്ഥാപനം കടുത്ത സാമ്പത്തിക പ്രയാസത്തിലൂടെ നീങ്ങിക്കൊണ്ടിരിക്കുകയാണ്. മൗലവി അനാരോഗ്യം മൂലം കിടപ്പിലുമാണ്. പുതുതായി ചേരുന്ന അധ്യാപകരോട് നിശ്ചിത തുക മേടിക്കാൻ, മൗലവിയില്ലാത്ത കമ്മിറ്റി യോഗം തീരുമാനിക്കുന്നു. ഇന്നത്തെപ്പോലെ ആളെപ്പിഴിയും കോഴയല്ല. തൽക്കാലം കോളേജിനെ സാമ്പത്തിക ഞെരുക്കത്തിൽനിന്ന് രക്ഷിക്കാനുള്ള ഒരു പരിപാടി. യോഗ തീരുമാനമറിഞ്ഞ മൗലവി ക്ഷോഭിച്ചു കൊണ്ട് ചാടിയെഴുന്നേറ്റു. 'വാ, നമുക്ക് കോഴിക്കോട്ടങ്ങാടിയിൽ പോയി പണം പിരിക്കാം, ഈ പരിപാടി നമുക്ക് ചേർന്നതല്ല' എന്നതായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. കമ്മിറ്റിക്ക് തീരുമാനം പുനഃപരിശോധിക്കേണ്ടിവന്നു.

നമ്മുടെ കാലത്തെ മുസ്‌ലിം വിദ്യാഭ്യാസ സ്ഥാപനങ്ങളെ മുന്നിൽ വെച്ച് ആലോചിക്കുമ്പോൾ ഇതൊരു ഈസോപ്പ് കഥയായി നമുക്ക് തോന്നിയേക്കാം. പക്ഷേ, അങ്ങനെ കുറേ ഈസോപ്പുമാർ കഷ്ടപ്പെട്ട് പടുത്തുയർത്തിയ സ്ഥാപനങ്ങൾ ഇന്ന് കഴുത്തറുപ്പൻ കോഴയുടെ രാവണൻ കോട്ടകളാണ് എന്ന് നാമറിയുന്നു. ഇത് കോഴയുടെ വസന്തകാലം. യതീം കുട്ടികളുടെയും സമുദായത്തിന്റെയും പേര് പറഞ്ഞ് നേടിയെടുത്ത സ്കൂളുകളിലും കോളേജുകളിലും കോഴക്കണക്കുകളുടെ പെരുമഴക്കാലം. ആളുകൾ ചില്ലറക്കാരല്ല. ഇസ്സത്തുൽ ഇസ്‌ലാം മുതൽ ഹിദായത്തുസ്സിബ്‌യാൻ വരെ, പേരിനും ചൂരിനും ഒരു കുറവുമില്ല. മഹല്ല് കമ്മിറ്റി പ്രസിഡന്റ് മുതൽ നൂറുകണക്കിന് മഹല്ലുകളുടെ ഖാദി ആയവർ വരെ കോഴ സ്ഥാപനങ്ങളുടെ നടത്തിപ്പുകാരായുണ്ട്. എല്ലാവരും സമുദായസേവനത്തിൽ ഒപ്പത്തിനൊപ്പം.

വ്യക്തികളും കുടുംബങ്ങളും സാമൂഹികനന്മ ലക്ഷ്യം വെച്ച് വഖ്ഫ് ചെയ്ത സ്ഥലങ്ങളിലാണ് ഇത്തരം സ്ഥാപനങ്ങളിൽ അധികവും നിലകൊള്ളുന്നത്. വഖ്ഫ് സ്വത്തുക്കൾ പൊതുസ്വത്താണ്. അതിനാൽ പൊതുജനത്തിന് അതിൽ കാര്യമുണ്ട്. അതിൽ അവർ ഇടപെടേണ്ടതുണ്ട്. സോഷ്യൽ ഓഡിറ്റിംഗിന് വിധേയമാകേണ്ടതുണ്ട്. അത് കുടുംബ സ്വത്തായി കരുതി ആളുകളോ കമ്മിറ്റി ആളുകളോ ഉപയോഗിക്കുന്നുണ്ടെങ്കിൽ അവരെ വിചാരണ ചെയ്യേണ്ട ബാധ്യതയും സമൂഹത്തിനുണ്ട്.

സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ്പ് കർദിനാൾ മാർ വർക്കി വിതയത്തിൽ അടുത്ത ദിവസം ഒരു ഇടയലേഖനം പുറത്തിറക്കിയിരിക്കുന്നു. സഭയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അധ്യാപകനിയമനത്തിലും വിദ്യാർഥി പ്രവേശനത്തിലും കോഴ വാങ്ങാൻ പാടില്ല എന്ന്. സഭാ സിനഡിന്റെയും സിനഡ് പിതാക്കന്മാരുടെയും മേജർ സുപ്പീരിയേർസിന്റെയും സംയുക്ത സമ്മേളനത്തിന്റെ പൊതുധാരണക്ക് വിധേയമായാണ് ഇടയലേഖനം തയാറാക്കപ്പെട്ടിരിക്കുന്നത്. സമുദായത്തിലെ സിനഡ് പിതാക്കന്മാരേ, ധൈര്യമുണ്ടോ ഇങ്ങനെയൊരു ഇടയലേഖനം സ്വന്തം കക്ഷികളുടെ മാനേജ്മെന്റുകൾ നടത്തുന്ന സ്ഥാപനങ്ങളിലേക്കയക്കാൻ?

തെരുവിൽ കൈകാര്യം ചെയ്യേണ്ട നെറികേടുകളാണ് മുസ്‌ലിം മാനേജ്മെന്റ് സ്ഥാപനങ്ങളിൽ നടക്കുന്നത്. അങ്ങനെ നടക്കുന്നു എന്ന് പറയുന്നതു പോലും സമുദായദ്രോഹമായി മുദ്രകുത്തുന്ന രീതിയും വളർന്നിരിക്കുന്നു. 'ഭൂരിപക്ഷം വിളയുന്ന ന്യൂനപക്ഷ സ്ഥാപനങ്ങൾ' എന്ന പേരിൽ വർഷങ്ങൾക്കു മുമ്പ് *മാധ്യമം* പുറത്തുവിട്ട അന്വേഷണ പരമ്പര ഇപ്പോൾ ഓർക്കുന്നത് നന്നാവും. സമുദായത്തിന്റെ മേൽവിലാസത്തിൽ ഒപ്പിച്ചെടുത്ത സ്ഥാപനങ്ങളിൽ കോഴയുടെ മേൽവിലാസത്തിൽ നിയമനങ്ങൾ ആഘോഷിക്കപ്പെട്ടതിന്റെ കണക്കുകളായിരുന്നു അത്. അപ്പോഴും സമുദായത്തിന്റെ പ്രിയപ്പെട്ട മത/രാഷ്ട്രീയ നേതാക്കൾ സമുദായദ്രോഹം എന്ന ഉമ്മാക്കി കാട്ടിയാണ് അതിനെ നേരിടാൻ ശ്രമിച്ചത്.

ഉഗാണ്ട മുതൽ യുഗോസ്ലാവ്യ വരെ ചർച്ച ചെയ്യപ്പെടുന്ന മിമ്പറുകളിലും മുസ്‌ലിം പത്രമാധ്യമങ്ങളിലും പക്ഷേ കോഴഭീകരതയെക്കുറിച്ച പരാമർശങ്ങൾ കുറവാണ്. സമുദായത്തിൽ ഭിന്നിപ്പുണ്ടാക്കേണ്ട, സമുദായത്തിനു പുറത്ത് മോശം ഇമേജ് ഉണ്ടാക്കേണ്ട എന്നൊക്കെ കരുതി മിണ്ടാതിരിക്കുന്നവരും ഉണ്ട്. പകൽകൊള്ളക്കെതിരെ മിണ്ടാതിരിക്കുന്നവർ എന്നൊരു ഇമേജ് നമുക്ക് ആവശ്യമുണ്ടോ? അതിനാൽ സമുദായത്തിലെ ചെറുപ്പക്കാരും വിദ്യാർഥികളും എഴുന്നേറ്റ് നിൽക്കേണ്ട സമയമാണിത്. ഒരു 'ഇസ്‌ലാമിക് കോഴ' നമുക്ക് ആവശ്യമില്ല എന്ന് പ്രഖ്യാപിക്കേണ്ട സന്ദർഭം. കോഴ വാങ്ങുന്ന സ്ഥാപനങ്ങൾക്ക് മുമ്പിൽ കോഴവിരുദ്ധ ബൂത്തുകൾ സ്ഥാപിക്കാനും വാങ്ങുന്ന മാനേജർമാരെ ജനകീയ വിചാരണ ചെയ്യാനുമുള്ള എസ്.ഐ.ഒവിന്റെ തീരുമാനം പ്രസക്തമാകുന്നത് അവിടെയാണ്. സമുദായദ്രോഹം ആരോപിച്ച് ആരും അവരെ കുറ്റപ്പെടുത്താൻ വരല്ലേ.

## നീണ്ടു കൊലുന്നനെയുള്ളൊരു കവിത

**ജമാഅത്തെ** ഇസ്‌ലാമി കർണാടക-ഗോവ അമീർ ആയിരുന്ന ഇബ്‌റാഹീം സഈദ് സാഹിബ് മെയ് 27-ന് നമ്മെ വിട്ടുപിരിഞ്ഞു. നാല് വർഷം മുമ്പ് ബാംഗ്ലൂരിലെ ജമാഅത്തെ ഇസ്‌ലാമി ആസ്ഥാനമായ 'ശാന്തി സദന'ത്തിൽ വെച്ചാണ് ഇബ്‌റാഹീം സഈദ് സാഹിബിനെ ആദ്യമായി പരിചയപ്പെടുന്നത്. അന്ന് അദ്ദേഹം ജമാഅത്തിന്റെ കർണാടക അമീർ സ്ഥാനം ഏറ്റെടുത്തതേ ഉണ്ടായിരുന്നുള്ളൂ. കേരളത്തിലെ പ്രസ്ഥാന പ്രവർത്തനങ്ങളെക്കുറിച്ച് പൊതുവെയും എസ്.ഐ.ഒവിനെക്കുറിച്ച് വിശേഷിച്ചും ധാരാളം സംസാരിച്ചിരുന്നു. പലപ്പോഴും, അധ്യാപകനു മുമ്പിലെ കുട്ടിയെന്ന പോലെ അദ്ദേഹം ചോദിച്ചുകൊണ്ടിരുന്നു. കർണാടകയിലെ ഇസ്‌ലാമിക പ്രസ്ഥാനത്തെക്കുറിച്ച തന്റെ സ്വപ്നങ്ങളും പ്രതീക്ഷകളും പങ്കുവെച്ചു. ശേഷം പല വഴിയിൽ, സ്ഥലങ്ങളിൽ ഇബ്‌റാഹീം സഈദ് സാഹിബിനെ കാണാനും കേൾക്കാനും ഇടയായി.

കഴിഞ്ഞ ഏപ്രിൽ ഒടുവിൽ മംഗലാപുരത്ത് പരിപാടിക്ക് പോയ സന്ദർഭത്തിലാണ് അദ്ദേഹം രോഗിയായി കിടക്കുന്ന വിവരം അറിഞ്ഞത്. ബന്ദറിലെ റോഡ്‌വക്കിലുള്ള ആ കൊച്ചു വീട്ടിൽ കയറിച്ചെല്ലുമ്പോൾ അദ്ദേഹം വായനയിലായിരുന്നു. കർണാടകയിലെ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ഉത്തരവാദിത്വം ചെറുപ്പക്കാരനായ അബ്ദുല്ല ജാവേദിന്

കൈമാറി ദിവസങ്ങൾ ആയിട്ടേ ഉള്ളൂ. വെറും മുപ്പത്തിയേഴുകാരനായ അബ്ദുല്ലാ ജാവേദ്, അമീറായതിനെക്കുറിച്ച് ആവേശത്തോടെയും പ്രതീക്ഷയോടെയും അദ്ദേഹം സംസാരിച്ചു. കർണാടകയിലെ പ്രസ്ഥാന മുന്നേറ്റത്തെക്കുറിച്ച്, ഗോവ ഘടകം സ്വതന്ത്ര ഹൽഖയാകാൻ മാത്രം വികസിക്കുന്നതിനെക്കുറിച്ച്, മംഗലാപുരം ഭാഗത്തെ പുതിയ മുസ്‌ലിം തീവ്രവാദ പ്രവണതയെക്കുറിച്ചെല്ലാം അദ്ദേഹം വിശദീകരിച്ചു.

കുറേ നേരം പലകാര്യങ്ങൾ പറഞ്ഞിരുന്നു. പക്ഷേ രോഗത്തെക്കുറിച്ച് മാത്രം സംസാരിച്ചില്ല. 'ലംഗ്സിന് ചെറിയൊരു പ്രശ്നം', അത് മാത്രമാണ് രോഗത്തെക്കുറിച്ച് പറഞ്ഞത്. ബ്യാരി കലർന്ന മലയാളമാണ് ഭാഷയെങ്കിലും അതിന്റെ വ്യാകരണം നിശ്ചയദാർഢ്യമാണ്. അവസാനം സംസാരം തുടരാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. ഒരു കിതപ്പോടെ 'ഇനി സംസാരിക്കാൻ കഴിയില്ല' എന്ന് പറഞ്ഞ് പെട്ടെന്ന് നിർത്തി. അപ്പോൾ മകനാണ് പറഞ്ഞത്, 'ലംഗ്സ് രണ്ടും ഏതാണ്ട് തീർന്നിരിക്കുന്നു'. അത് കേട്ട് അദ്ദേഹം ഒരു കള്ളച്ചിരി ചിരിച്ചു.

പിന്നീട് ഏതാനും ദിവസങ്ങൾക്കു ശേഷം മഞ്ചേരിയിൽ ഹോമിയോ ഡോക്ടറുടെ അടുത്ത് ചികിത്സക്ക് വന്നപ്പോൾ ആരിഫലി സാഹിബിനോടൊപ്പം അവിടെയും സന്ദർശിക്കാൻ സാധിച്ചു. സീതി എന്നു വിളിച്ചുകൊണ്ടായിരുന്നു അന്ന് അഭിസംബോധന ചെയ്തത്. 'ഡോക്ടറെ കണ്ടു, എക്സ് റേ റിസൾട്ട് കാണിച്ചു കൊടുക്കാൻ പറഞ്ഞു, കാണിച്ചുകൊടുത്തു. എക്സ് റേ പ്രകാരം മൂന്ന് ദിവസം മുമ്പ് മരിക്കേണ്ടതാണെന്നാണ് ഡോക്ടർ പറഞ്ഞത്'. നിസ്സംഗമായ ആ സംസാരത്തിനൊടുവിൽ വിസ്തൃതമായൊരു ചിരി. ഇങ്ങനെയും ഒരു മനുഷ്യനോ എന്ന് ഓർത്തുപോയി.

കർണാടകയിലെ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ അമരക്കാരനായിരുന്നു ഇബ്റാഹീം സഈദ്. അറിയപ്പെട്ട സാംസ്കാരിക പ്രവർത്തകനും. കന്നഡ ഭാഷയുടെ ആത്മാവ് ഉള്ളം കൈയിൽ കൊണ്ടുനടന്ന എഴുത്തുകാരൻ. കലാ, സാംസ്കാരിക, സാഹിത്യ ലോകവുമായി ഇത്രയധികം ബന്ധമുള്ള ഒരു മുസ്‌ലിം നേതാവിനെ കർണാടകയിൽ കണ്ടുകിട്ടില്ല. താൻ പത്രാധിപരായ *സന്മാർഗ* വാരികയും ഡയറക്ടറായ 'ശാന്തിപ്രകാശന' പ്രസിദ്ധീകരണാലയവും കർണാടകയിൽ ശ്രദ്ധിക്കപ്പെടുന്നതിൽ അദ്ദേഹത്തിന്റെ ബന്ധങ്ങൾ ഏറെ സഹായിച്ചിട്ടുണ്ട്. മൃതദേഹം പൊതു ദർശനത്തിന് വെച്ച മംഗലാപുരത്തെ ജമാഅത്ത് ആസ്ഥാനമായ 'ഹിദായത്ത് സെന്ററി'ൽ എത്തിച്ചേർന്ന സാധാരണക്കാരും പ്രമുഖരുമടങ്ങിയ വൻജനാവലി അദ്ദേഹത്തിന്റെ വ്യക്തിബന്ധങ്ങളുടെ ബാഹുല്യമാണ് കാണിച്ചത്. കർണാടക മുഖ്യമന്ത്രി എച്ച്.ഡി കുമാരസ്വാമി, മുൻ മുഖ്യമന്ത്രി ധരംസിംഗ്, കെ.പി.സി.സി പ്രസിഡന്റ് മല്ലികാർജുന ഖാർഗെ, മുൻ ആഭ്യന്തരമന്ത്രി റോഷൻ ബേഗ് തുടങ്ങി മത-രാഷ്ട്രീയ-സാംസ്കാരിക രംഗങ്ങളിലെ നിരവധി പ്രമുഖർ അവിടെയെത്തി.

നീണ്ടു കൊലുന്നനെയുള്ള ആ കവിത അതിന്റെ പ്രാസവൃത്തം പൂർത്തിയാക്കി പൂർണ വിരാമമിട്ടു. ഇനി അത് മറുലോകത്ത് ആലപിക്കപ്പെടും. നമ്മളെല്ലാം അവിടേക്ക് പോകാനുള്ളവരാണല്ലോ. ■